

WEDNESDAY 22-03-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/03/2023.

1. കശുമാവിൽ കീടങ്ങളുടെയും രോഗങ്ങളുടെയും ശാസ്ത്രീയ നിയന്ത്രണത്തിന് വിദഗ്ധോപദേശവുമായി ''കാഷ്യു പ്രൊട്ടക്റ്റ്'' എന്ന മൊബൈൽ ആപ്പ് പുറത്തിറങ്ങി. .ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ കർണാടകയിലെ പുത്തൂരിലുള്ള കശുമാവ് ഗവേഷണ ഡയറക്ടറേറ്റ് വികസിപ്പിച്ചെടുത്തതാണ് ഈ ആപ്പ്. ഇതിനുമുമ്പ് ''കാഷ്യു ഇന്ത്യ'' എന്ന ഒരു ആപ്പും ഈ കേന്ദ്രം പുറത്തിറക്കിയിരുന്നു. കശുമാവിലെ പരിപാലന മുറകൾ ഇനം തിരിച്ച് നൽകുന്ന ഈ ആപ്പ് വഴി കമ്പോള നിലവാരവും അറിയാം. ഇപ്പോൾ വികസിപ്പിച്ച പുതിയ ''കാഷ്യൂ പ്രൊട്ടക്റ്റ്'' ആപ്പ് വഴി രോഗ കീടങ്ങളെ മനസ്സിലാക്കുന്നതിനും അതിനു അവലംബിക്കേണ്ട ശാസ്ത്രീയ നിയന്ത്രണ മാർഗ്ഗങ്ങൾ മനസ്സിലാക്കാനും സാധിക്കും. ആൻഡ്രോയിഡ് മൊബൈലുകളിൽ പ്ലേസ്റ്റോറിൽ നിന്നും കാഷ്യു പ്രൊട്ടക്റ്റ് എന്ന ആപ്പ് ഡൗൺലോഡ് ചെയ്താൽ ഈ വിവരങ്ങൾ കർഷകർക്ക് ലഭിക്കുമെന്ന് മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രം മേധാവി ഡോ. ജലജ എസ് മേനോൻ അറിയിച്ചു. ആപ്പ് തുറന്നു വരുന്നതോടെ സജീവമാകുന്ന ക്യാമറ ഉപയോഗിച്ച് തൽക്ഷണം ഫോട്ടോ അപ്‌ലോഡ് ചെയ്യുക വഴി കീടാക്രമണം തിരിച്ചറിയാനും നിയന്ത്രണ മാർഗങ്ങൾ മനസ്സിലാക്കാനും സാധിക്കുമെന്നതാണ് ഈ ആപ്പിന്റെ മേന്മ. കൂടുതൽ വിവരങ്ങൾക്ക് 9902273468 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഇന്ന് കാലാവസ്ഥാ വ്യതിയാനം, മിയാവാക്കി കാടുകൾ, കാർബൺ ന്യൂട്രൽ ഫാമിങ്ങ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഒരുപരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുല്പാദനം കഴിഞ്ഞതും മാതൃ- പിതൃ ശേഖരത്തിൽ പെട്ടതുമായ ഇറച്ചികോഴികൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495000914 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള വിവിധ നഴ്സറികളിൽ നിന്നും അംഗീകൃത റബ്ബറിനങ്ങളുടെ നടീൽവസ്തുക്കൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. നടീൽവസ്തുക്കളുടെ വിതരണം സംബന്ധിച്ച് കർഷകർക്കുള്ള സംശയങ്ങൾക്ക് റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ആൻസമ്മ ജോർജ് 2023 മാർച്ച് 22 ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ 04812576622.

5. റബ്ബറിന്റെ മരുന്നുതളിക്കായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.എൽ.) തയ്യാറാക്കി വിതരണം ചെയ്യുന്ന സ്പ്രേ ഓയിലിന്റെ 26 കിലോഗ്രാം പായ്ക്കുകൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ വെച്ച് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. എൻ. രാഘവൻ പുറത്തിറക്കി. റബ്ബറിന്റെ അകാലിക ഇലകൊഴിച്ചിൽരോഗത്തെ പ്രതിരോധിക്കുന്നതിനായി ഉപയോഗിക്കുന്ന കോപ്പർ ഓക്സിക്ളോറൈഡ് സ്പ്രേ ഓയിലിൽ കലർത്തിയാണ് തളിക്കുന്നത്. 210 കിലോഗ്രാമിന്റെ വലിയ ബാരലുകളിലാണ് സ്പ്രേ ഓയിൽ ഇതുവരെ ലഭിച്ചിരുന്നത്. കേരളത്തിലെ സാഹചര്യത്തിൽ വ്യാപകമായി കാണുന്നതും കാര്യമായ ഉത്പാദനഷ്ടത്തിന് ഇടയാക്കുന്നതുമായ രോഗമാണ് അകാലിക ഇലകൊഴിച്ചിൽ. റബ്ബർമരങ്ങൾക്ക് രോഗം വന്നശേഷം ചികിത്സിക്കുന്നതിലും നല്ലത് രോഗപ്രതിരോധമാർഗങ്ങൾ അവലംബിക്കുന്നതാണ്. മരങ്ങൾ രോഗവിമുക്തമായിരുന്നാൽ ഉത്പാദനനഷ്ടം ഒഴിവാകുമെന്ന് മാത്രമല്ല, റബ്ബറിന് മെച്ചപ്പെട്ട വില ലഭിക്കുന്ന സമയത്ത് കർഷകർക്ക് അതിന്റെ പരമാവധി ആനുകൂല്യം നേടാൻ കഴിയുമെന്നും ഡോ. കെ.എൻ. രാഘവൻ പറഞ്ഞു.

**മൃഗസംരക്ഷണം –പശുക്കളുടെ വേനൽക്കാല പരിചരണം**

6. പശു തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം. ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട്, ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ /കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽ വൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും. തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കണം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്. ധാരാളം ശുദ്ധ ജലം എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീരഭാരത്തിന്റെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാശം 80 ശതമാനത്തേക്കാൾ കൂടുതലാണെന്നതും മറക്കാതിരിക്കുക.എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക.പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം